# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1095 **03.12.2015** -ലെ മറുപടിയ്ക്ക്

## അമ്പലപ്പുഴ ഗവ. കോളേജിൽ പുതിയ കോഴ്സുകൾ

<u>ചോദ്യം</u>
ശ്രീ. ജി.സുധാകരൻ

<u>ഉത്തരം</u>
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അമ്പലപ്പുഴ ഗവ. കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത്; ഓരോ വിഭാഗത്തിലും എത്ര കുട്ടികൾ വീതം പഠനം നടത്തുന്നു; വിശദമാക്കുമോ; | (എ) | ബി.എ. എക്കണോമിക്സ്, ബി.എസ്.സി. മാത്തമാറ്റിക്സ്, ബി.കോം എന്നീ കോഴ്സുകളാണ് അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ നിലവിലുള്ളത്. ഓരോ വിഷയത്തിലും 30 വീതമാണ് സാങ്ഷൻഡ് സ്ട്രെങ്ത്. ഈ വർഷം പ്രസ്തുത കോളേജിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ വിവരം ഇതോടൊപ്പം ചേർക്കുന്നു.<br><br>ഈ അദ്ധ്യയന വർഷത്തിൽ ബി.എ. എക്കണോമിക്സിന് ഒന്നാം വർഷം 32 വിദ്യാർത്ഥികളും, രണ്ടാം വർഷം 30 വിദ്യാർത്ഥികളും, മൂന്നാം വർഷം 31 വിദ്യാർത്ഥികളും പഠനം നടത്തുന്നു.<br><br>ബി.എസ്.സി. മാത്തമാറ്റിക്സിന് ഒന്നാം വർഷം 29 വിദ്യാർത്ഥികളും, രണ്ടാം വർഷം 26 വിദ്യാർത്ഥികളും, മൂന്നാം വർഷം 18 വിദ്യാർത്ഥികളും പഠനം നടത്തുന്നു.<br><br>ബി.കോമിന് ഒന്നാം വർഷം 32 വിദ്യാർത്ഥികളും, രണ്ടാം വർഷം 29 വിദ്യാർത്ഥികളും, മൂന്നാം വർഷം 24 വിദ്യാർത്ഥികളും പഠനം നടത്തുന്നു. |
| (ബി) | കോളേജ് അധികാരികൾ പുതിയ കോഴ്സുകൾക്കായി അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി | (ബി) & (സി) | കോളേജ് അധികാരികൾ പുതിയ കോഴ്സുകൾക്കായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ആയതിൻമേൽ കോളേജ് വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | ഡയറക്ടർ സർക്കാർ ആവശ്യപ്പെട്ടപ്രകാരം " നീഡ് അനാലിസിസ്" നടത്തുകയും റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നിലവിലുള്ള ഗവ. കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു |
| (സി) | കോളേജിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിച്ച സാഹചര്യത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ